UNIVERSITY OF CALICUT

(Directorate of University Study Centres)

No: 1251/DUSC-G-ASST-3/2018/Admn Dated,Calicut University P.O 05.07.2023

## NOTIFICATION

കാലിക്കറ്റ് സർവകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിൽ പ്രിൻസിപ്പാൾ (കരാർ അടിസ്ഥാനം) ,സംസ്കൃതം വിഷയത്തിൽ അസിസ്റ്റന്റ് പ്രൊഫസ്സർ(കരാർ അടിസ്ഥാനം) തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ അവരുടെ ബയോ-ഡാറ്റ സർവ്വകലാശാല വെബ് സൈറ്റ് (www.uoc.ac.in) മുഖേനെ 21.07.2023-നോ അതിനുമുമ്പോ ഓൺലൈനായി സമർപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

അഭിമുഖത്തിന് ഷോർട്ട്ലിസ്റ്റ് ചെയ്യുന്ന ഉദ്യോഗാർത്ഥികളെ ഇ-മെയിൽ/മൊബൈൽ ഫോൺ വഴി അറിയിക്കുന്നതാണ്. ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവും ഭാവിയിൽ സെന്ററിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളും നികത്തുന്നത് സംബന്ധിച്ച് സർവകലാശാല ഉചിതമായ തീരുമാനമെടുക്കുന്നതാണ് .

| Sl.No | തസ്തിക | യോഗ്യത | നിലവിലെ ഒഴിവുകളുടെ എണ്ണം | പ്രതിമാസ ഏകീകൃത ശമ്പളം |
|---|---|---|---|---|
| 1 | പ്രിൻസിപ്പാൾ (കരാർ അടിസ്ഥാനം) | a. ആർട് സ്/സയൻസ്/സോഷ്യൽ സയൻസ് /ഹ്യൂമാനിറ്റീസ്/കോമേഴ്സ് വിഷയത്തിൽ 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ ബിരുദാനന്തര ബിരുദം.<br>b. 55 ശതമാനത്തിൽ കുറയാത്ത എം.എഡ് ഡിഗ്രി<br>c.ബന്ധപ്പെട്ട വിഷയത്തിൽ/എഡ്യൂക്കേഷനിൽ പി .എച് .ഡി നേടിയിരിക്കണം<br>d. സെക്കന്ററി ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിൽ കുറഞ്ഞത് 8 വർഷത്തെ അധ്യാപന പരിചയം. | 1<br>കോഴിക്കോട് കൂട്ടെക് സെന്റർ | 33,000/- രൂപ |
| 2 | അസിസ്റ്റന്റ് പ്രൊഫസർ (കരാർ അടിസ്ഥാനം) | a. 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ സംസ്കൃതം വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം.<br>b.55 ശതമാനത്തിൽ കുറയാത്ത എം.എഡ് ഡിഗ്രി<br>c.ബന്ധപ്പെട്ട വിഷയത്തിൽ/എഡ്യൂക്കേഷനിൽ നാഷണൽ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് അല്ലെങ്കിൽ പി.എച്ച്.ഡി നേടിയിരിക്കണം | 1<br>വലപ്പാട് കൂട്ടെക് സെന്റർ | പിഎച്ച്.ഡി. യോഗ്യത നേടിയവർക്ക് 31,000/- രൂപ<br>നെറ്റ് യോഗ്യത നേടിയവർക്ക് 30,000/- രൂപ |

പൊതു നിർദ്ദേശങ്ങൾ

1. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കായിരിക്കും നിയമനം നൽകുന്നത്.
2. ഉയർന്ന പ്രായപരിധി: 64 വയസ്സ്
3. വിജ്ഞാപനപ്രകാരമുള്ള യോഗ്യത ഇല്ലാത്തവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.
4. അഭിമുഖത്തിന് ഷോർട്ട്ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രായം, യോഗ്യത, പരിചയ സമ്പത്ത്, ജാതി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ അഭിമുഖ സമയത്ത് ഹാജരാക്കണം.
5. മറ്റ് സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ നിന്നും യോഗ്യതാ പരീക്ഷ പാസായ ഉദ്യോഗാർത്ഥികൾ ഈ സർവകലാശാല നൽകിയ തുല്യതാ സർട്ടിഫിക്കറ്റ് അഭിമുഖ സമയത്ത് ഹാജരാക്കണം.
6. അഭിമുഖത്തിന് പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ എല്ലാ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പ് സർവകലാശാലയ്ക്ക് കൈമാറേണ്ടതാണ്.
7. ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്ര ബത്ത അനുവദിക്കുന്നതല്ല.
8. ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലുള്ള നിയമനം പരിഗണിക്കുന്നതല്ല.

Dr. Satheesh.E.K
Registrar

To

The Public Relation Officer (with a request to issue a press release in this regard).

Copy to

The Recruitment Section/PS to VC/PA to PVC/PA to R/Director, DSFC/Addl. Director, CUTECs/Digital wing(to publish in the University website )/Security Officer/SF